പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3362 12. 12. 2014- ലെ മറുപടി

# പ്രവാസികൾക്കായി വായ്പാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ജോലി നഷ്ടപ്പെട്ടും മറ്റും വിദേശത്തു നിന്നും തിരിച്ചെത്തുന്ന പ്രവാസികൾക്കായി എന്തെങ്കിലും വായ്പാ പദ്ധതി സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ;<br><br>ബി)എങ്കിൽ ഏതെല്ലാം സംരംഭങ്ങൾക്കാണ് വായ്പ അനുവദിയ്ക്കുന്നത് ; | എ & ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും അനുവദിക്കുന്നതാണ് പദ്ധതി. 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.<br><br>താഴെപ്പറയുന്ന മേഖലകളിലാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകിവരുന്നത്.<br><br>കച്ചവടം - (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും തുടങ്ങിയവ)<br><br>സേവനങ്ങൾ - (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സിസർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ)<br><br>ഉല്പാദനം - ചെറുകിട – ഇടത്തരം സംരംഭങ്ങൾ(പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ) |

കാർഷിക വ്യവസായങ്ങൾ - (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ), മത്സ്യ കൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപന്ന നിർമ്മാണം, സംയോജിത കൃഷി. ഫാം ടൂറിസം, ആട്ട വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ)

| | |
|---|---|
| സി)ഇപ്രകാരമുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹം, മക്കളുടെ വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക കൂടി വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;<br><br>ഡി)ഇത്തരം വായ്പകൾക്ക് സബ്സിഡി നൽകുന്ന കാര്യം കൂടി സർക്കാർ പരിഗണിയ്ക്കുമോ? | സി & ഡി) ഈ ആവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്ന പദ്ധതിയൊന്നും ഇപ്പോൾ നോർക്ക വകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനായി സാന്ത്വന പദ്ധതി പ്രകാരം അർഹതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ, പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള ധനസഹായവും, വനിത അംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹധനസഹായവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

*N*